പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5495 | 24.05.2017 ൽ മറുപടിക്ക്

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 18 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; | (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി സർവെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും സർവെ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും തദ്ദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സർവെ ജോലികൾ നടത്തുവാൻ സാധിച്ചില്ല.<br>01/03/2017 ലെ ജി.ഒ.(പി) നം.16/2017/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. |
| (ബി) സ്ഥലം ഏറ്റെടുക്കലിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; | (ബി) സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രാരംഭ സർവെ, സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ രൂപീകരിച്ചിട്ടുള്ള ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സ്ത്രീകളും കുട്ടികളും അടങ്ങുന്ന തദ്ദേശവാസികൾ തടസ്സപ്പെടുത്തി. പുനരധിവാസ പാക്കേജ്, വസ്തുവിന് നൽകുന്ന വില എന്നിവ |

| | | |
|---|---|---|
| | | ബോദ്ധ്യപ്പെടുത്തിയതിന് ശേഷമേ ഈ ആവശ്യത്തിനായി പ്രസ്തുത സ്ഥലത്ത് പ്രവേശിക്കാവൂ എന്നും തടസ്സപ്പെടുത്തിയവർ അറിയിച്ചു. തുടർന്ന് 15/4/17 ന് വിളിച്ചു ചേർത്ത യോഗത്തിലെ നിർദ്ദേശ പ്രകാരം 20/4/17 ൽ ശംഖുമുഖം എ.സി യുടെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സർവെ നടപടികൾക്കായി പ്രസ്തുത സ്ഥലത്ത് എത്തിയെങ്കിലും സ്ത്രീകളും കുട്ടികളും അടങ്ങുന്ന തദ്ദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സർവെ ജോലികൾ നടത്തുവാൻ സാധിച്ചില്ല. |
| (സി) | സ്ഥലം ഏറ്റെടുത്ത് രാജ്യാന്തര ടെർമിനൽ വികസിപ്പിച്ചില്ലെങ്കിൽ പുതിയ സർവ്വീസുകൾക്ക് അനുമതി ലഭിക്കാത്ത സാഹചര്യമുണ്ടോ; | (സി) യും (ഡി) യും ഉണ്ട്. തിരക്കേറിയ സമയങ്ങളിൽ നിലവിലുള്ള ടെർമിനലിന്റെ കപ്പാസിറ്റി മതിയാകാതെ വരുന്നതിനാൽ ടെർമിനലിന്റെ വികസനം അത്യാവശ്യമാണ്. ആയതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ വിമാനത്താവള വികസനത്തിന് ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ